




# ഈ ധാന്യം നോക്കുക

മസനോബു ഫുക്കുവോക്ക

'ഒറ്റവൈക്കോൽ വിപ്ലവം - പ്രകൃതി കൃഷിക്കൊരു ആമുഖം' എന്ന ഫുക്കുവോക്കയുടെ പുസ്തകത്തിലെ ആദ്യ അദ്ധ്യായമാണിത്. 1975-ലാണ് ജപ്പാനിസ് ഭാഷയിൽ പ്രസിദ്ധീകരിച്ചത്. 1978-ൽ ഇംഗ്ലീഷിലും 1984-ൽ ഇന്ത്യയിലും 1987-ൽ മലയാളത്തിലും ഇത് പ്രകാശിക്കപ്പെട്ടു. ഈ വിപ്ലവം പിന്നീട് ലോകത്താകെ പടർന്നു. പ്രകൃതിയിലേയ്ക്ക് മടങ്ങാൻ, Natural Way of Farming : The Theory and Practise of Green Phylosophy എന്നിവയാണ് ഫുക്കുവോക്കയുടെ പ്രഖ്യാത കൃതികൾ

ഇതാ, ഈ ഒരിഴ വൈക്കോലിൽ നിന്നും തുടങ്ങാം വിപ്ലവം എന്നു ഞാൻ വിശ്വസിക്കുന്നു. ഒററ നോട്ടത്തിൽ നെല്ലിന്റെ ഈ വൈക്കോലിഴ എത്രയോ ലഘുവും നിസ്സാരവുമെന്നു തോന്നാം. ഇതുകൊണ്ടൊരു വിപ്ലവം തുടങ്ങാമെന്ന് ആരും കരുതിയേക്കുകയില്ല. എന്നാൽ ഇതിനെത്ര കനവും കരുത്തുമുണ്ടെന്ന് എനിയ്ക്കറിയാം. എനിക്കിതാണ് വളരെ നേരായ വിപ്ലവം.

ബാർലിയും വരകും വളരുന്ന ഈ വയലുകൾ കാണുക. പഴം പിടിച്ചുവരുന്ന ഇവയിൽനിന്നും കാലേക്കറിന് ഏകദേശം 22 ബുഷർ ധാന്യം കിട്ടും. ഇത് എഹൈംജില്ലയിലെ മുന്തിയ വിളവിനൊപ്പമാണ്. ജപ്പാനിലെ മേലേക്കിട കൃഷിയിടമാണ് എഹൈം എന്നതിനാൽ അവിടത്തെ മുന്തിയ വിളവു നാടൊട്ടുക്കും മുന്തിയ വിളവുതന്നെയാണ്. എന്നാൽ കഴിഞ്ഞ ഇരുപതിലേറെ കൊല്ലമായി ഈ വയലുകൾ ഉഴുതിട്ടേയില്ല.

ശരത് കാലത്തു ബാർലിയും വരകും വേറെ വേറെ കണ്ടങ്ങളിൽ ഞാനങ്ങു വിതയ്ക്കും. അപ്പോഴവിടെ നെല്ലു നില്പുണ്ടാകും. കുറച്ചുനാൾ കഴിഞ്ഞാൽ നെല്ലു കൊയ്യും. മെതിച്ച വൈക്കോൽ വയലിൽ വിതറും.

നെൽവിതയും ഇതേമട്ടിൽ ത്തന്നെ. തണുപ്പുകാലത്തെ ധാന്യങ്ങൾ കൊയ്യാറാവുക മേമാസം ഒടുവിലാണ്. കൊയ്ത്തിനു രണ്ടാഴ്ച മുമ്പു വരകും ബാർലിയും നില്ക്കുന്ന കണ്ടങ്ങളിൽ നെല്ലു വിതയ്ക്കും. കൊയ്തു മെതിച്ച വൈക്കോൽ വയലിൽ തിരികെ കൊണ്ടിടും.



നെല്ലിന്റെയും ശീതകാലധാന്യങ്ങളുടെയും വിത ഒരേ മട്ടിലാണെന്നതാണ് ഇത്തരം കൃഷിയുടെ ഒരു വിശേഷം. എളുപ്പവഴി മറ്റൊന്നുമുണ്ട്. തണുപ്പുകാലത്തെ ധാന്യങ്ങൾക്കൊപ്പം കഴിഞ്ഞ ശരത്തിൽ വിതച്ചതാണ് അടുത്ത വയലിലെ നെല്ല്. ആ വയലിൽ പുതുവർഷപ്പിറപ്പോടെ ഒരാണ്ടത്തെ വിത മുഴുവനും കഴിഞ്ഞു.

ഈ വയലിൽ വെളുത്ത ക്ലോവറും കളയും വളരുന്നതു നിങ്ങൾക്കു കാണാം. ബാർലിയും വരകും വിതയ്ക്കുംമുമ്പ് ഒക്ടോബറാദ്യം നെല്ലിനിടയിൽ ക്ലോവർ വിത്തു വിതരുന്നു. കള വിതച്ചുണ്ടായതല്ല. താനേ വളരുന്നതാണ്.

ഇവിടെ വിതയുടെ ക്രമമിങ്ങനെയാണ്. ഒക്ടോബറാദ്യം നെല്ലിനടിയിൽ ക്ലോവർ വിതറും. മാസപ്പാതിക്കാണ് ശീതകാലധാന്യങ്ങളുടെ വിത. മുകളിൽ വൈക്കോലിടുന്നു. നിങ്ങൾ കാണുന്ന വരകും ബാർലിയും ഇങ്ങനെ വളരുന്നതാണ്. ഒരു കാലേക്കർ നിലത്ത് ഇങ്ങനെ നെല്ലും ബാർലിയും വരകും കൃഷിചെയ്യാൻ കുറച്ചുനാൾ രണ്ടാളുടെ പണി മതി. ധാന്യകൃഷിക്ക് ഇതിനെക്കാളേറെ ലളിതമായ മറ്റൊരു മാർഗമുണ്ടെന്നു തോന്നുന്നില്ല.

ഈ കൃഷിരീതി പുതുരീതിയിൽനിന്നു തീർത്തും വേറെയാണ്. ശാസ്ത്രീയമായ പുതുമട്ടോ പരമ്പരാഗതമായ പഴമട്ടോ അപ്പാടെ തള്ളിക്കൊണ്ടുള്ളൊരു പരിപാടിയാണിത്. ഇതിനു യന്ത്രങ്ങളും രാസവസ്തുക്കളും നിർമ്മിതവളങ്ങളും വേണ്ട. എന്നിട്ടും ജപ്പാനിൽ മറ്റെവിടത്തെക്കാളും മെച്ചമായ വിളവ് ഇവിടെ കിട്ടുന്നു. തെളിവ്, ഇതാ, ഇവിടെ നിങ്ങളുടെ കൺമുന്നിൽത്തന്നെ.

**ഫുക്കുവോക്ക പുസ്തകങ്ങൾ**

പ്രകൃതി/ജൈവ കൃഷി, ബദൽ പുസ്തകങ്ങൾക്കും ജൈവ ഉൽപന്നങ്ങൾക്കും

**ആൾട്ടർ മീഡിയ,**

ബ്രഹ്മസ്വം മഠം ബിൽഡിങ്, എം.ജി. റോഡ്,

തൃശൂർ. ഫോൺ 0487 2422974